"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ക്ലാർക്ക് (ഹയർ ഗ്രേഡ്) തസ്തികയിൽ സേവനമനുഷ്ഠിക്കെ മരണപ്പെട്ട ദിനേഷ് കുമാർ.ബി (PEN:482486) -യുടെ മകൾ ആർദ്ര ദിനേശ്.ഡി.എ യ്ക്ക് ആശ്രിതനിയമന പദ്ധതി പ്രകാരം ക്ലർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(കൈ) നം.39/2024/LSGD തീയതി,തിരുവനന്തപുരം, 14-03-2024

---

പരാമർശം:-

1 24.05.1999 ലെ സ.ഉ (അച്ചടി) നം.12/99/ഉഭപവ

2 ആർദ്ര ദിനേശ്.ഡി.എ 10.04.2023 ൽ സമർപ്പിച്ച അപേക്ഷ

3 തദ്ദേശസ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടറുടെ 07.08.2023 ലെ LSGD/PD/47696/2023-DEF1 നമ്പർ കത്ത്

4 തിരുവനന്തപുരം ജില്ലാ കളക്ടറുടെ 29.11.2023 ലെ DCTVM/9826/2023-S6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിൽ തിരുവനന്തപുരം ജില്ലയിൽ മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് (ഹയർ ഗ്രേഡ്) തസ്തികയിൽ സേവനമനുഷ്ഠിക്കവെ 09.10.2022 ൽ മരണപ്പെട്ട ദിനേഷ് കുമാർ.ബി (PEN:482486) യുടെ മകൾ ആർദ്ര ദിനേശ്.ഡി.എ തിരുവനന്തപുരം ജില്ലയിൽ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പരേതനായ ജീവനക്കാരൻ ദിനേഷ് കുമാർ.ബി 22 വർഷവും 06 മാസവും 15 ദിവസവും യോഗ്യതാ സർവ്വീസ് പൂർത്തിയാക്കിയിട്ടുണ്ട്. ആർദ്ര ദിനേശ്.ഡി.എ പരേതന്റെ നിയമാനുസൃത അവകാശിയാണ്. പരേതന്റെ നിയമാനുസൃത അവകാശികൾ ആശ്രിത നിയമനത്തിനുള്ള അവകാശം അപേക്ഷകയ്ക്ക് നൽകിക്കൊണ്ട് സമ്മതപത്രം നൽകിയിട്ടുണ്ട്. പരേതന്റെ മറ്റ് അവകാശികൾ ആരും തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ, ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആർദ്ര ദിനേശ്.ഡി.എ സംരക്ഷണ സമ്മതമൊഴിയും ഹാജരാക്കിയിട്ടുണ്ട്. ആർദ്ര ദിനേശ്.ഡി.എ -യുടെ ജനന തീയതി 28.01.2003 ആണ്. നിലവിൽ 21 വയസ്സ് പൂർത്തിയായിട്ടുള്ളതാണ്. അപേക്ഷക $10^{th}$, പ്ലസ് ടു പരീക്ഷകൾ വിജയിച്ചിട്ടുള്ളതിനാൽ ക്ലർക്ക് തസ്തികയിലേക്ക് പരിഗണിക്കുന്നതിന് അർഹയാണ്. അപേക്ഷക ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള സമയ പരിധിയ്ക്കകം തന്നെ അപേക്ഷ സമർപ്പിച്ചിട്ടുമുണ്ട്. ടിയാരിയുടെ കുടുംബ വാർഷിക വരുമാനം 7,21,656/- (ഏഴ് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി അറുന്നൂറ്റി അൻപത്തി ആറ് രൂപ മാത്രം) രൂപയാണ്. ടിയാരിയുടെ അപേക്ഷ പരിശോധിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറും പ്രിൻസിപ്പൽ ഡയറക്ടറും നിയമനത്തിനായി ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിൽ

തിരുവനന്തപുരം ജില്ലയിൽ മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് (ഹയർ ഗ്രേഡ്) തസ്തികയിൽ സേവനമനുഷ്ഠിക്കവെ 09.10.2022 ൽ മരണപ്പെട്ട ദിനേഷ് കുമാർ.ബി. യുടെ മകൾ ആർദ്ര ദിനേശ്.ഡി.എ യ്ക്ക് പരാമർശം 1 ലെയും അനുബന്ധമായ മറ്റ് ഉത്തരവുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിലോ/ഭാവിയിൽ ഉണ്ടായേക്കാവുന്ന ഒഴിവിലേക്കോ നിയമനം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. "സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം തന്റെ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിച്ചെടുത്ത് അർഹരായ ആശ്രിതർക്ക് നൽകുന്നതിന് തനിക്ക് സമ്മതമാണ്" എന്ന സമ്മതപത്രം അപേക്ഷകയിൽ നിന്നും വാങ്ങേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, മെഡിക്കൽ ഫിറ്റ്നസ് എന്നിവ നിലവിലുള്ള ചട്ടങ്ങളുടെയും നിയമാവലിയുടെയും അടിസ്ഥാനത്തിൽ നിയമന അധികാരി പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.

സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചപ്പോഴോ, ഈ വകുപ്പിൽ നിന്നും അന്വേഷണം നടത്തിയപ്പോഴോ എന്തെങ്കിലും വസ്തുതകൾ മറച്ചു വയ്ക്കുകയോ, തെറ്റായി ബോധിപ്പിക്കുകയോ ചെയ്തതായി പിന്നീട് ബോധ്യമാകുന്ന പക്ഷം ഏതു സമയത്തായാലും ഈ ഉത്തരവ് റദ്ദ് ചെയ്യുന്നതാണ്. ഇത് സംബന്ധിച്ച് തുടർ നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി പ്രിൻസിപ്പൽ ഡയറക്ടർ സ്വീകരിക്കേണ്ടതും, ആർദ്ര ദിനേശ്.ഡി.എ -യുടെ നിയമനം സംബന്ധിച്ച വിവരങ്ങൾ പരേതനായ ജീവനക്കാരന്റെ (ദിനേഷ് കുമാർ.ബി (PEN:482486), ക്ലാർക്ക് (ഹയർ ഗ്രേഡ്), തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗം, മലയിൻകീഴ് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം) സേവന പുസ്തകത്തിലും ടിയാൻ അവസാനം ജോലി ചെയ്തിരുന്ന ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും യഥാവിധം രേഖപ്പെടുത്തേണ്ടതും ഓഫീസ് മേധാവി/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

ആർദ്ര ദിനേശ്.ഡി.എ, സായൂജ്യം, പട്ടകുളം, വീരണകാവ് പി ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I.p
സെക്ഷൻ ഓഫീസർ
Date: 14-03-2024 11:21:57